


# വയോജനങ്ങളുടെ കരുതലിനായി കുടുംബശ്രീയുടെ ഗ്രാൻഡ് കെയർ പദ്ധതി

കോവിഡ് 19 നെതിരേയുള്ള പോരാട്ടത്തിലാണ് നാമിപ്പോൾ. മറ്റ് അസുഖങ്ങളുണ്ടാകുമെന്നതിനാലും പൊതുവേ രോഗപ്രതിരോധശേഷി കുറവാണെന്നതിനാലും കൊറോണ വൈറസ് ബാധയുണ്ടായാൽ കൂടുതൽ ബുദ്ധിമുട്ടുകൾ നേരിടാൻ സാധ്യതയുള്ളത് വയോജനങ്ങളാണ്. അഗതി കുടുംബങ്ങളിലെ വയോജനങ്ങളുടെ കരുതലിന് വേണ്ടി കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക പ്രവർത്തനം നടത്തിയതിനെക്കുറിച്ച് Making an Impact 214, Making an Impact 234 എന്നീ ലേഖനങ്ങളിൽ വിശദീകരിച്ചിരുന്നുവല്ലോ. ഇത് കൂടാതെ ഹോം ക്വാറന്റൈനിലുള്ള വയോജനങ്ങൾക്ക് വേണ്ടി 786 റിസോഴ്സ് പേഴ്സൺമാരിലൂടെ ഞങ്ങൾ നടത്തിയ പ്രത്യേക പ്രവർത്തനത്തെക്കുറിച്ച് Making an Impact 222 ലും വിശദീകരിച്ചിരുന്നു. ഇപ്പോൾ കൊറോണ വൈറസിനെതിരേയുള്ള പ്രതിരോധ പ്രവർത്തനം അടുത്തഘട്ടത്തിലേക്ക് കടക്കുന്ന സാഹചര്യത്തിൽ വയോജനങ്ങൾ കരുതലോടെയിരിക്കണമെന്ന സന്ദേശം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാനായി പല തലങ്ങളിലുള്ള ഒരു ഐഇസി (കളള ഇൻഫർമേഷൻ, എഡ്യുക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ) ക്യാമ്പെയ്ൻ എന്ന നിലയിലാണ് ഗ്രാൻഡ് കെയർ എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്.

വയോജനങ്ങൾ പൂർണ്ണമായും കോവിഡ്-19 പ്രോട്ടോക്കോൾ പാലിക്കണമെന്നും മറ്റുള്ളവരുമായി സമ്പർക്കം പരമാവധി ഒഴിവാക്കണമെന്നും അന്യനാടുകളിൽ നിന്ന് വന്നിട്ടുള്ള വയോജനങ്ങൾ കൂടുതൽ കരുതലും ശ്രദ്ധയോടും കൂടിയിരുന്ന് മറ്റുള്ളവരിൽ നിന്ന് അകന്ന് വീടുകളിൽ ക്വാറന്റൈനിൽ കഴിയണമെന്നുമുള്ള സന്ദേശം കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ കേരളത്തിലെ എല്ലാ കുടുംബങ്ങളിലേക്കും എത്തിക്കാൻ ശ്രമിക്കുന്നു. ഇത് കൂടാതെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർ, തീരദേശ മേഖലയിലുള്ളവർ എന്നിവർക്കായി ആനിമേറ്റർമാർ, കോസ്റ്റൽ വോളന്റിയർമാർ എന്നിവരിലൂടെ പ്രത്യേക ക്യാമ്പെയ്ൻ നടത്താനുമുദ്ദേശിക്കുന്നു. കൂടാതെ കേന്ദ്രീകൃതമായി ഒരു കോൾസെന്റർ പ്രവർത്തിപ്പിച്ച് അരക്ഷിതരായ വയോജനങ്ങളെ ഫോൺ വഴി ബന്ധപ്പെടാനും പൊതുജനങ്ങൾക്കായി ഒരു ബൃഹത്തായ ഐഇസി ക്യാമ്പെയ്ൻ ചെയ്യാനും ലക്ഷ്യമിട്ടിരിക്കുന്നു. വിദേശത്ത് നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും വന്ന വയോജനങ്ങൾ കരുതലോടെയിരിക്കണമെന്ന സന്ദേശം തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ വഴി നൽകാനുമൊക്കെ ഈ ഗ്രാൻഡ് കെയർ പദ്ധതി വഴി വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയുടെ ആസൂത്രണം പൂർത്തിയാക്കി മേയ് 15 മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്.

ഗ്രാൻഡ് കെയർ പദ്ധതിയുടെ തുടക്കം കുറിക്കാനായി പദ്ധതിക്കായി തയാറാക്കിയ ലോഗോയുടെ പ്രകാശനം ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിച്ചു. ആരോഗ്യവകുപ്പിൽ നിന്നും ഈ പ്രോജക്ട് കോർഡിനേറ്റ് ചെയ്യുന്ന ആരോഗ്യവകുപ്പ് ജോയ്ന്റ് സെക്രട്ടറി ഡോ. ശ്രീറാം വെങ്കിട്ടരാമൻ ഐഎഎസ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ എൻ.എസ്.കെ. ഉമേഷ് ഐഎഎസ്, കുടുംബശ്രീയെ പ്രതിനിധീകരിച്ച് കിരൺ എം. സുഗതൻ എന്നിവരും പങ്കെടുത്തു. ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങളോട് കൂടി സാമൂഹ്യനീതി വകുപ്പിന്റെയും വനിതാശിശുക്ഷേമ വകുപ്പിന്റെയും മറ്റ് ഇതര തദ്ദേശ സ്വയംഭരണ വകുപ്പുകളുടെയും ജില്ലാ ഭരണകൂടങ്ങളുടെയുമൊക്കെ സഹകരണത്തോട് കൂടി കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തമായി ഉപയോഗിച്ച് കൊണ്ട് ബൃഹത്തായ ഒരു ഐഇസി ക്യാമ്പെയ്ൻ നടത്താനാണ് ഞങ്ങൾ ഗ്രാൻഡ് കെയർ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ദീർഘകാലത്തേക്ക് തുടരുന്ന പദ്ധതിയായി പരമാവധി ആളുകളിലേക്ക് ഈ സന്ദേശം നിരന്തരം എത്തിക്കുന്ന മാതൃകയിലാണ് ഞങ്ങൾ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിലെ ഓരോ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിശദാംശങ്ങൾ വരും ആഴ്ചയിൽ നിങ്ങളുമായി പങ്കുവയ്ക്കാം.